**ലേഖനം**

പഴ. കറുപ്പയ്യ

# ഇസ്‌ലാമിനെ ഉറ്റുനോക്കുന്ന ലോക സമൂഹം

**കോൺഗ്രസ് നേതാവും തമിഴ് എഴുത്തുകാരനുമായ പഴ. കറുപ്പയ്യ എക്സ്പ്രസ് ഗ്രൂപ്പിന്റെ കീഴിലുള്ള *ദിനമണി* പത്രത്തിൽ (10.03.09) എഴുതിയ ലേഖനം**

**പശ്ചിമേഷ്യയിലെ** മക്കാ നഗരം മുമ്പും അറിയപ്പെട്ടിരുന്നെങ്കിലും പ്രവാചക ശിരോമണി(സ) അവിടെ ഭൂജാതനായതോടെ അതൊരു പുണ്യനഗരമായി മാറി. ലോകത്തെങ്ങുമുള്ള കോടാനുകോടി മുസ്‌ലിംകൾ എവിടെയായിരുന്നാലും മക്കാ നഗരത്തിലുള്ള കഅ്ബയെ ലക്ഷ്യം വെച്ചു ദിനം പ്രതി അഞ്ചു നേരവും നമസ്കരിക്കുന്നു. ജീവിതത്തിൽ ഒരു തവണയെങ്കിലും ഹജ്ജ് നിർവഹണത്തിനായി കഅ്ബ സന്ദർശിക്കണമെന്നത് കഴിവുള്ള ഓരോ മുസ്‌ലിമിന്റെയും അഞ്ചു പ്രധാന കടമകളിലൊന്നാണ്.

എല്ലാ നാടുകളും ഒരുപോലെ തന്നെ. ഏതെങ്കിലുമൊരു ദേശത്ത് പിറന്നതുകൊണ്ടു മാത്രം ഒരാൾ പ്രബലനാകുന്നില്ല. പക്ഷേ മുഹമ്മദ് നബിയുടെ ജനനം മക്കാ നഗരത്തെ പ്രശസ്തമാക്കിയെന്നത് ഒരു ചരിത്ര സത്യമാണ്. അതുപോലെ യേശുവിനെ ശത്രുക്കൾക്ക് കാട്ടിക്കൊടുത്ത് ലഭിച്ച മുപ്പത് വെള്ളിക്കാശ് യൂദാസ് മനംനൊന്ത് വലിച്ചെറിഞ്ഞ സ്ഥലം കളങ്കഭൂമിയായി ഓർമിക്കപ്പെടുന്നു.

63 വർഷം ജീവിച്ച നബി തന്റെ അവസാനത്തെ സുപ്രധാനമായ 23 വർഷക്കാലം തനിക്ക് ലഭിച്ച ദൈവവചനങ്ങൾ അതേപടി ലോകത്തിന് കാഴ്ചവെക്കുകയും നിയമമാക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തു. പ്രവാചകത്വം അക്ഷരാർഥത്തിൽ നിർവഹിച്ച അദ്ദേഹം എളിയവരിലും എളിയവനായി ജീവിച്ചു. പിൽകാല ജനത തന്നെ ദൈവ പദവിയിലേക്ക് ഉയർത്താതിരിക്കാനായി ചെറുപഴുതുകൾ പോലും അടച്ച അദ്ദേഹം അനുയായികളെ നിർഷ്കർഷിക്കുക മാത്രമല്ല ലോകാവസാനം വരെ അങ്ങനെയൊരു ദുർഗതി വരാതിരിക്കാൻ അതൊക്കെ നിയമങ്ങളാക്കുകയും ചെയ്തു.

ഇസ്‌ലാം എന്നാൽ സമർപ്പണം എന്നർഥം. അല്ലാഹുവിന്റെ സർവാധികാരം അംഗീകരിക്കുക മാത്രമല്ല അവന്റെ കൽപനയനുസരിച്ചു ജീവിക്കാനും ബാധ്യസ്ഥനാണ് മനുഷ്യൻ. ഇവിടെയാണ് അടിയറവ് പൂർണത നേടുന്നത്.

ദിനേന പ്രഭാതം വിടരുംമുമ്പു തുടങ്ങി ഇടവിട്ടു അഞ്ചുനേരവും നമസ്കാരത്തിനുള്ള വിളി(ബാങ്ക്) ഉയരുന്നു. ഇവിടെ പൊതുക്കുടിയിലും കൂത്തനല്ലൂരിലും വാലാജാ പേട്ടയിലും ബംഗ്ലാദേശിലും ഇറാനിലും ഇറാഖിലും മാത്രമല്ല ലോകത്തെവിടെയുമുള്ള മനുഷ്യർക്ക് സംഘംചേർന്നു ദൈവത്തെ വണങ്ങാനുള്ള ക്ഷണമാണത്. ഖുർആൻ അഞ്ചു നിർബന്ധ കടമകൾ അനുശാസിക്കുന്നു. ഒന്ന് ദൈവത്തിന്റെ ഏകത്വത്തിലുള്ള അടിയുറച്ച വിശ്വാസം. രണ്ട് നമസ്കാരം. മൂന്നാമത് സകാത്ത് എന്ന നിർബന്ധ ദാനം. നാല് റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം. അഞ്ച് ഹജ്ജ് നിർവഹണം.

ഖുർആന്റെ മുഖവുരയെന്നു കരുതപ്പെടുന്ന ഒരു ചെറു അധ്യായമാണ് അൽഫാത്തിഹ. ബൃഹത്തായ ഒരു സമുദ്രം പോലെ ആഴം കണ്ടെത്താൻ കഴിയാത്തതാണ് അതിന്റെ വ്യാഖ്യാനം. ഈശ്വരനെ അല്ലാഹു എന്ന് വിളിക്കുന്നു. അല്ലാഹു അക്ബർ എന്നാൽ അല്ലാഹു പരമോന്നതൻ എന്നർഥം.

ഇസ്‌ലാമിൽ ദൈവത്തിന്റെ ഏകത്വം പരമപ്രധാനമെന്നു മാത്രമല്ല; അടിത്തറയും അതു തന്നെ. 'തിരുവാശക'ത്തിൽ ഏകദൈവമെന്നതു പോലെ ബഹുദൈവ പരാമർശങ്ങളും ഉണ്ട്. ഇത് 'മാണിക്ക വാശകർ' എന്നവരുടെ ചിന്തയിൽ രൂപംകൊണ്ടതാണ്. ഇതിനോടു യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. ഭിന്നാഭിപ്രായങ്ങൾ മനുഷ്യ സഹജമാണല്ലോ. ഒരാളുടെ തെറ്റ് മറ്റൊരാൾക്ക് ശരി. ഹൈന്ദവസംസ്കാരത്തിന്റേത് ഒരു മൃദുല സമീപനമാണ്. എല്ലാം ഉൾക്കൊള്ളുന്നു. എല്ലാറ്റിനോടും യോജിച്ചു പോവുകയും ചെയ്യുന്നു. പക്ഷേ, ഖുർആന്റേത് വിഭിന്നമാണ്. അത് മനുഷ്യ നിർമിതമല്ല. ദൈവവചനങ്ങളാണ് അതിലുള്ളത്. അതുകൊണ്ടു തന്നെ മാറ്റങ്ങൾക്കും സംശയങ്ങൾക്കും അതീതമാണത്. ആർക്കും കൈകടത്താൻ അധികാരവുമില്ല. സുദൃഢമാണത്.

**അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ടു അവനെ വണങ്ങിയാൽ മാത്രം പോര, കഴിവുള്ളവർ സകാത്തു കൂടി നിർവഹിച്ചാലേ അവരുടെ സൽകർമങ്ങൾ സ്വീകരിക്കുകയുള്ളൂവെന്ന് നബിതന്റെ അനുയായികളെ ഉണർത്തിക്കുമ്പോൾ, ദരിദ്രരോടുള്ള അദ്ദേഹത്തിന്റെ അനുകമ്പ എത്രയെന്ന് ഊഹിക്കാം.**

ആഗോളവൽക്കരണം ലോകത്തെ സകല സംസ്കാരങ്ങളെയും വിഴുങ്ങിക്കൊണ്ടിരിക്കുന്നു. ഒരുപിടി സമ്പന്നരെ സൃഷ്ടിച്ച് ഭൂരിപക്ഷത്തെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്ന അമേരിക്കൻ സാമ്പത്തിക ക്രമം ലോകത്തെ കൈപിടിയിലാക്കിയിരിക്കുന്നു. അമേരിക്കൻ സംസ്കാരത്തിന്റെ ഈ കുത്തൊഴുക്കിൽ പല നാടുകൾക്കും സ്വന്തം മുഖങ്ങളാണ് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയും ആഗോളവൽക്കരണത്തിലലിഞ്ഞു ഇല്ലാതായി. പക്ഷേ, കീഴ്പ്പെടുത്താൻ കഴിയാത്തത് ഇസ്ലാമിക വ്യവസ്ഥിതി ഒന്നുമാത്രമാണ്. അത്രയും കെട്ടുറപ്പുള്ളതാണ് അതിന്റെ സാമൂഹികഘടന. കാരണം നബി(സ) കഅ്ബയിലുണ്ടായിരുന്ന വിഗ്രഹങ്ങളെ അകറ്റുകയല്ലതെ കഅ്ബക്ക് വിലക്കൊന്നും കൽപിച്ചിരുന്നില്ല. സമുദായ ഐക്യത്തിന് അദ്ദേഹം വളരെയധികം പ്രാധാന്യം നൽകിയിരുന്നു. സംഘംചേർന്നുള്ള നമസ്കാരം തന്നെ അതിന്റെ പരിശീലനത്തിന്റെ ഒരു ഭാഗമാണ്. നമസ്കാരത്തിന്റെ സമയനിർണയവും ബാങ്ക് വിളിയും നമസ്കാരം സംഘം ചേർന്നു നിർവഹിക്കാനാണ് നിഷ്കർഷിക്കുന്നത്. തനിച്ചു നമസ്കരിച്ചാൽ മതിയല്ലോ, കൂട്ടായി നിർവഹിക്കണോ എന്ന് ചോദിച്ചാൽ ഇസ്ലാമിൽ പോരാ എന്നുതന്നെയാണ് മറുപടി. സംഘം ചേർന്നുള്ള നമസ്കാരം സാമുദായിക ഐക്യത്തിന് വഴി തെളിയിക്കുന്നു. ഇസ്തംബൂളിലുള്ള ഇബ്റാഹീമു മായി ഇളയംകുടിയിൽ പുതൂരിലുള്ള അബ്ദുല്ല ഇവിടെ ഒത്തു ചേരുന്നു. നബിയുടെ മഹത്തായ ചിന്തയെയും ദീർഘവീക്ഷണത്തെയും ഇവിടെ പ്രകീർത്തിക്കാതെ വയ്യ.

നമസ്കാരം പോലെ തന്നെ അഞ്ചാമത്തെ നിർബന്ധ കടമയായ ഹജ്ജും സാമുദായിക കെട്ടുറപ്പിന് ഊന്നൽ നൽകുന്നു. മക്കയിലെ കഅ്ബക്ക് ചുറ്റും ആഫ്രിക്കക്കാരും ചീനക്കാരും ഇളയംകുടിയിലുള്ള ദ്രാവിഡരും ഗൾഫുനാടുകളിലെ അറബികളും വെളുക്കാരും ധാക്കയിലെ ബംഗാളികളും പാകിസ്താനിലെ പഞ്ചാബികളും ഒന്നു പോലെ തൂവെള്ള ആടയണിഞ്ഞു തോളോടു തോളുരുമ്മി കുനിഞ്ഞും നിവർന്നും കുമ്പിട്ടും നമസ്കരിക്കുമ്പോൾ അണിയൊപ്പിച്ച ഒരു സൈനിക സമൂഹത്തിന്റെ പ്രതീതിയാണ് ജനിപ്പിക്കുന്നത്. രോമാഞ്ച ജനകമായ കാഴ്ച. നബി വിഭാവനം ചെയ്ത ലക്ഷോപലക്ഷം ചേർന്ന 'ഉമ്മത്ത്.'

ഇസ്ലാമിന്റെ മൂന്നാമത്തെ ഘടകമായ സകാത്ത് എന്ന നിർബന്ധ ദാനം കഴിവുള്ളവർ ധനമായോ സ്വർണമുൾപ്പെടെയുള്ള ദ്രവ്യമായോ കൈയിരുപ്പിന്റെ രണ്ടര ശതമാനം കണക്കാക്കി വർഷം തോറും പാവങ്ങൾക്ക് നൽകണം. ഇത് അധികമൊന്നുമല്ല; ആർക്കും ഭാരവുമല്ല. സാമ്പത്തിക അസമത്വങ്ങളാണ് പല കുഴപ്പങ്ങൾക്കും കാരണം. ഇത് ചിലപ്പോൾ ആഭ്യന്തര കലാപങ്ങൾക്കു പോലും വഴിവെക്കുന്നു. ഇത്തരം കലാപങ്ങൾ ഗവൺമെന്റിന് പോലും തടയാനാവാത്ത സ്ഥിതിയും ഉണ്ടാകാറുണ്ട്. എല്ലാ മതങ്ങളും ദാനധർമങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. വള്ളുവരും ഇത് പറഞ്ഞിട്ടുണ്ട്.

ഇന്ന് ഒരു കിലോ അരി 38 രൂപക്ക് വിൽക്കുമ്പോൾ പാവങ്ങൾക്ക് റേഷൻ കടകളിൽനിന്ന് ഒരു രൂപക്ക് (തമിഴ് നാട്ടിൽ) ലഭിക്കുന്നു. ഇതൊരു ഔദാര്യമായി കണക്കാക്കിക്കൂടാ. തങ്ങളെയും തങ്ങളോടൊപ്പം ചേർന്നവരെയും രക്ഷിക്കാനുള്ള ഭരണാധികാരികളുടെ ഉപായമായി മാത്രമേ ഇത് കണക്കാക്കാനാവൂ. ദാനധർമങ്ങൾ എല്ലാവരാലും പ്രകീർത്തിക്കപ്പെടുന്നുണ്ടെങ്കിലും, ഇസ്ലാമിന് അതൊരു നിർബന്ധ കടമയാണ്. അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ടു അവനെ വണങ്ങിയാൽ മാത്രം പോര, കഴിവുള്ളവർ സകാത്തു കൂടി നിർവഹിച്ചാലേ അവരുടെ സൽകർമങ്ങൾ സ്വീകരിക്കുകയുള്ളൂവെന്ന് നബിതന്റെ അനുയായികളെ ഉണർത്തിക്കുമ്പോൾ, ദരിദ്രരോടുള്ള അദ്ദേഹത്തിന്റെ അനുകമ്പ എത്രയെന്ന് ഊഹിക്കാം. ഒരിക്കൽ ഒരനുയായി താൻ അല്ലാഹുവിൽ വിശ്വസിക്കുകയും കൃത്യമായി നമസ്കരിക്കുകയും ചെയ്യാറുണ്ടെന്ന് നബി സന്നിധിയിൽ ഉണർത്തിച്ചപ്പോൾ, നീ ദാനധർമങ്ങൾ ചെയ്ത് പാവങ്ങളോടു അനുകമ്പ കാട്ടാതെ ഇതൊന്നും അല്ലാഹുവിൽ സ്വീകാര്യമല്ലെന്ന് പറഞ്ഞു തിരിച്ചയക്കുകയാണുണ്ടായത്.

വിധിനിർണയ നാളിൽ സൽകർമങ്ങൾക്കും ദുഷ്കർമങ്ങൾക്കും അതിന്റേതായ സൽഫലവും ശിക്ഷയുമുണ്ടെന്ന ഖുർആന്റെ ഉൽബോധനത്തെ പറ്റി നാം കേട്ടിട്ടുണ്ട്. മാത്രമോ, തന്റെ കടമകളിൽ അനാസ്ഥ കാട്ടിയവനും ശിക്ഷയുണ്ട്. തന്റെ അയൽവാസികളെ സഹായിക്കാതെ, ശ്രദ്ധിക്കാതെ സുഖജീവിതം നയിച്ചവരും വിധിനിർണയ നാളിൽ മറുപടി പറയേണ്ടതുണ്ടെന്ന് ഇസ്ലാം നിഷ്കർഷിക്കുമ്പോൾ അതിലുൾക്കൊള്ളുന്ന മാനുഷിക മൂല്യങ്ങളുടെ ആഴം എത്രയെന്ന് ഒരു നിമിഷം ചിന്തിച്ചുനോക്കൂ.

നാലാമത്തെ കടമയായ റമദാൻ മാസവ്രതത്തിന്റെ സന്ദേശവും ഇതുപോലെ തന്നെ. റമദാനിൽ ഒരു മാസം പകൽ വേളകളിൽ ലൈംഗിക ബന്ധവും ഭക്ഷ്യപാനീയങ്ങളും വെടിഞ്ഞ് ആത്മസംയമനം പാലിക്കുമ്പോൾ ദൈവപ്രീതി നേടുന്നതോടൊപ്പം പട്ടിണിക്കാരന്റെ വിശപ്പും നേരിട്ടറിയുകയും ചെയ്യുന്നു. അവരോടുള്ള അനുകമ്പക്ക് ഇതൊരു പ്രേരകമാണ്.

ഇങ്ങനെ ഇസ്ലാമിന്റെ സവിശേഷതകൾ എഴുതാൻ തുടങ്ങിയാൽ നീണ്ടു പോകും. ഇസ്ലാമിക ദൃഷ്ട്യാ ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന് സഹോദരനാണ്. ദേശ-ഭാഷാ കുലങ്ങൾക്ക് അതീതമാണത്. ദേശങ്ങളുടെ അതിർവരമ്പുകൾ അവിടെ അപ്രത്യക്ഷമാകുന്നു. അല്ലെങ്കിലും അതൊന്നും ദൈവമുണ്ടാക്കിയതല്ല. 1947-ന് മുമ്പ് മുഴുപഞ്ചാബും മുഴുബംഗാളുമടങ്ങിയ ഭാരത ദേശത്തിനോടായിരുന്നു നാം കൂറു പുലർത്തിയിരുന്നത്. ഇന്ന് പാകിസ്താന്റെയും ബംഗ്ലാദേശിന്റെയും ഭാഗമായ ആ നാടുകൾ നമുക്കന്യമാണല്ലോ. 'യാതും ഊരേ, യാവരും കേളീർ' എന്ന തമിഴ് പഴമൊഴിയും സർവലോക മൈത്രിയാണ് പ്രകീർത്തിക്കുന്നത്. ഇസ്ലാമിന്റെ കാഴ്ചപ്പാടും അതുതന്നെയാണ്. ലോക ജനതയും അതുറ്റു നോക്കുന്നു.

**വിവ: പുരശൈ പി.കെ ഉമ്മർകുട്ടി**